പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2025 | 8/03/2018 ൽ മറുപടിക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ കാലാനുസൃതമായ സങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനു യോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ള വയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br>2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2015-16 സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതോടെ 2017-18 ലെ മൊത്തം പദ്ധതി വിഹിതം 283 കോടിരൂപയായി ഉയർന്നിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്ക് ഉൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത് പുരോഗമിച്ചുവരുന്നു. ആഗോള തലത്തിൽ മരുന്ന് വിൽക്കുന്നതിനുള്ള അംഗീകാരം ലഭിച്ച കെ.എസ്.ഡി.പിയുടെ വിപുലീകരണവും ആധുനികവത്ക്കരണവും സർക്കാർ പ്രാഥമിക പരിഗണന നൽകിനടത്തിവരികയാണ്. കെൽ, കേരളാ ആട്ടോമൊബൈൽസ്, BHEL-EML Ltd എന്നീ |

സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിൻെറ സാധ്യതയും പരിശോധിക്കുന്നതാണ്. കേരളാ ഹാർഡ് വെയർ മിഷൻെറ ഭാഗമായി ഇലക്ട്രോണിക് ഹാർഡ് വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിൻെറ നവീകരണത്തിൻെറ ഭാഗമായി നടപ്പിലാക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിങ് മില്ലുകളെ സംരക്ഷിക്കുന്നതിൻെറ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിൻെറ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ച്ചവെയ്ക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുകവഴി പദ്ധതിപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | വ്യവസായ രംഗത്ത് വൻമാറ്റമുണ്ടാക്കാനുതകുന്ന ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി നടപ്പിലാക്കിയോ; വ്യക്തമാക്കാമോ; | (ബി) | ചെന്നൈ - ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിച്ച് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനുവേ ണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടു ണ്ട്. ഇതിനായി കെ.എസ്.ഐ.ഡി.സി. ഒരു വിദഗ്ദ്ധോപദേശ ഏജൻസിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ നെ നിയോഗിച്ച് പദ്ധതി രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് ഈ പഠനത്തിനായി |

നൽകിയിരിക്കുന്ന സമയം 2018 ഡിസംബർ വരെ ആണ്. കെ.എസ്.ഐ.ഡി.സി. നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ കൈകൊള്ളാവുന്നതാണെന്ന് കേന്ദ്ര ഏജൻസിയായ നേഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് എന്നറിയിക്കാമോ? | (സി) | കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വികസനത്തിന് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

[illegible]

വ്യവസായ വകുപ്പിൻെറ അധീനതയിൽ 2016-17ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കമ്പനിയുടെ പേര് | പദ്ധതി നിർദ്ദേശം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കെമിക്കൽ മേഖല | | | |
| 1 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | എൽ.വി.പി.,എസ്.വി.പി,പി.എഫ്.എസ്, ഒഫ്താൽമിക് ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണവും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൻെറ നിർമ്മാണവും | 2700.00 |
| 2 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | ഖനന പ്രവർത്തനങ്ങൾക്കാവശ്യമായ ഹെവി ഉപകരണങ്ങൾ വാങ്ങൽ | 500.00 |
| 3 | ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് | വൈറ്റ് സിമൻറ് ഉൽപാദനത്തിനാവശ്യമായ നിലവിലുള്ള ചൂളയുടെ ആധുനികവൽക്കരണം | 1000.00 |
| ഇലക്ട്രിക്കൽ മേഖല | | | |
| 4 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | ഇലക്ട്രിക്കൽ വാഹനങ്ങൾക്കുള്ള മോട്ടോറുകളുടെ ഉൽപാദനം | 1000.00 |
| 5 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | പ്രി-പെയ്ഡ് എനർജി മീറ്റർ, സ്മാർട്ട് മീറ്റർ,ഗ്യാസ് മീറ്റർ എന്നിവയുടെ ഉൽപാദനം . | 500.00 |
| എഞ്ചിനീയറിംഗ് മേഖല | | | |
| 6 | ഓട്ടോകാസ്റ്റ് ലിമിറ്റഡ് | ഇൻഡ്യൻ റെയിൽ വെയ്ക്ക് എൽ.എച്ച്.ബി കോച്ചുകൾക്കുള്ള ഫാബ്രിക്കേഷൻ സൗകര്യങ്ങൾക്കായി ചെറുതും ഇടത്തരവുമായ വലുപ്പത്തിലുള്ള കാസ്റ്റിംഗിൻെറ വികസനം | 1000.00 |
| 7 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ | ഇലക്ട്രിക്കൽ വാഹനങ്ങളുടെ വികസനം | 1000.00 |
| സെറാമിക് മേഖല | | | |
| 8 | കേരള സെറാമിക്സ് ലിമിറ്റഡ | റോട്ടറി ഡ്രയറിൻെറ സ്ഥാപനവും കയോലിൻ ലംപ് ഉൽപാദിപ്പിക്കുന്നതിനാവശ്യമായ യന്ത്രങ്ങളും പൗഡറും | 1000.00 |
| 9 | കേരള ക്ലേയ്സ് ആൻറ് സെറാമിക് പ്രോഡക്റ്റ്സ് ലിമിറ്റഡ് | ക്ഷീരോൽപ്പന്ന പദ്ധതി | 950.00 |
| വികസന മേഖല | | | |
| 10 | കേരള സ്മോൾ ഇൻറസ്ട്രീസ് ഡെവലപ്മെൻറ് കോർപ്പറേഷൻ | സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണം | 700.00 |

| | | | |
|---|---|---|---|
| | ലിമിറ്റഡ്(സിഡ്കോ) | | |
| പരമ്പരാഗത മേഖല | | | |
| 11 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ | ബ്ലൂംബോറിൻെറ ഉൽപാദനം(തടിക്കുപകരമായി) ബാംബൂ ഫർണിച്ചർ,ബാംബൂടൈൽ ഉൽപാദനപ്രവർത്തന നവീകരണം, ബാംബൂമാറ്റ് നെയ്യുന്നതിൽ യന്ത്രവൽക്കരണം | 500.00 |
| ടെക്സ്റ്റയിൽ മേഖല | | | |
| 12 | പ്രഭുറാം മിൽ | ആധുനികവൽക്കരണം | 700.00 |
| 13 | മലബാർ സ്പിന്നിംഗ് ആൻറ് വിവിംഗ് മിൽസ് | ആധുനികവൽക്കരണം | 2500.00 |
| 14 | കോമളപുരം സ്പിന്നിംഗ് ആൻറ് വിവിംഗ് മിൽസ് | വിപുലീകരണ പദ്ധതി | 1300.00 |
| 15 | ടെക്സ്റ്റയിൽ മില്ലുകൾക്ക് കെ.എസ് റ്റി.സി മുഖേന കോട്ടൺ വാങ്ങുന്നതിനുള്ള കോർപ്പസ് ഫണ്ട്. | | 2000.00 |